# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/08/2022.

1. **ആഗസ്റ്റ് ഒന്ന് മുതൽ പത്ത് വരെയുള്ള (01.08.2022 മുതൽ 10.08.2022)** കാലയളവിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിന് AIMS പോർട്ടൽ വഴി അപേക്ഷിക്കേണ്ട സമയപരിധി **സെപ്റ്റംബർ 06** വരെ നീട്ടിയതായി കൃഷിവകുപ്പ് ഡയറക്ടർ അറിയിച്ചു.

2. കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഫാം ടൂറിസത്തിന്റെ ഉദ്ഘാടനം ഈ മാസം 31-ന് (ആഗസ്റ്റ് 31-ന്) വൈകുന്നേരം 3 മണിക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കുരിയോട്ടുമല ഡയറി ഫാമിൽ കൂടുന്ന യോഗത്തിൽ ടൂറിസം - പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും.

3. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 1 മുതൽ 6 വരെ **കരപ്പുറം ഓണവിസ്മയം 2022** കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് വിപണന സ്റ്റാളുകൾ, ജൈവ പച്ചക്കറികൾ, ഓണപ്പൂക്കൾ, കലാ-കായിക മത്സരങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

4. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 2022 സെപ്റ്റംബർ 2 മുതൽ 4 വരെ കൊച്ചിയിൽ ഹോട്ടൽ ലെ മെറിഡിയനിൽ ലോക നാളികേര ദിനം ആഘോഷവും ശിൽപശാലയും നടക്കും. ആഘോഷങ്ങളുടെ ഉദ്ഘാടനം സെപ്റ്റംബർ 2 ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി നരേന്ദ്രസിംങ് തോമർ ഗുജറാത്തിലെ ജുനഗഡിൽ വിഡിയോ കോൺഫറൺസിങ്ങിലൂടെ നിർവഹിക്കും. ബോർഡിന്റെ സംസ്ഥാന തല ഓഫീസിന്റെ ഉദ്ഘാടനവും, ബോർഡിന്റെ ദേശീയ പുരസ്കാര ജേതാക്കളുടെയും, എക്സ്പോർട്ട് എക്സലൻസ് അവാർഡു ജേതാക്കളുടെയും പ്രഖ്യാപനവും അദ്ദേഹം നടത്തും. കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പ് സഹമന്ത്രി കൈലാഷ് ചൗധരി കൊച്ചിയിലെ ചടങ്ങിൽ പങ്കെടുത്ത് അവാർഡുകളുടെ വിതരണം നിർവഹിക്കും. ഈ വർഷം നാളികേര ദിനത്തോടനുബന്ധിച്ച് അവാർഡുകളുടെ വിതരണവും **നാളികേരത്തിന്റെ നല്ല കൃഷി രീതികൾ** എന്ന വിഷയത്തെ കുറിച്ച് ഇന്ത്യാ ഗവൺമെന്റും, അന്താരാഷ്ട്ര നാളികേര സമൂഹവും സംയുക്തമായി ഹോട്ടൽ ലെ മെറിഡിയനിൽ സംഘടിപ്പിക്കുന്ന ശിൽപശാലയും ഉണ്ടാവും.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിനു കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് വിവിധങ്ങളായ കൃഷിപ്പണികൾ ചെയ്തു നൽകുന്നതുമായ അഗ്രോസർവ്വീസ് സെന്ററിലേക്ക് കൃഷിപ്പണികൾ അറിയുന്ന 18-നും 50-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ട്രാക്ടർ പ്രവർത്തിപ്പിക്കാൻ അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495476141** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രാക്ടർ, ട്രില്ലർ എന്നിവ ഈ മാസം 31-ന് (ആഗസ്റ്റ് 31) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ വച്ച് ഈ മാസം 29,30,31 (ആഗസ്റ്റ് 29, 30,31) തീയതികളിലായി **കാണം വിൽക്കാതോണമുണ്ണാം – നാടൻ വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനവും** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലഫീസ് 1000 രൂപയാണ്. താൽപ്പര്യമുള്ളവർ പേരും ഫോൺ നമ്പരും **953911517** എന്ന ഫോൺ നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ, tssvellayani@kau.in എന്ന ഇ-മെയിലിലേക്ക് അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ് കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കിമിന്റെ ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117, 9495118208** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 1, 2 തീയതികളിൽ തീറ്റപ്പുൽകൃഷിയിൽ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. പരിശീലനാർത്ഥികൾക്ക് അർഹമായ ടി.എ., ഡി.എ. ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ ഈ മാസം 31-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**മൃഗസംരക്ഷണം സമ്മിശ്രകൃഷിയിൽ**" എന്ന വിഷയത്തിൽ ആഗസ്റ്റ് 30-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഒരു ദിവസത്തെ സംരംഭക സൗജന്യ പരിശീലന പരിപാടി നടത്തുന്നു. **കന്നുകാലികളുടെ പരിചരണം, മഴക്കാല രോഗങ്ങൾ, കോഴി വളർത്തൽ, കാട വളർത്തൽ, അസോള, തീറ്റപ്പുല്ല്** എന്നിവയുടെ കൃഷി രീതികൾ എന്നീ വിഷയങ്ങളിൽ കാർഷിക സർവ്വകലാശാലയിലെയും വെറ്ററിനറി സർവ്വകലാശാലയിലെയും വിദഗ്ദ്ധർ ക്ലാസ്സ് നയിക്കുന്നു. താൽപര്യമുള്ള കർഷകർ **9400483754** എന്ന ഫോൺ നമ്പറിലോ anisdas@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. **പാലക്കാട് ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- ചുവന്ന ചീരയിൽ ഇലപ്പുള്ളി രോഗം കണ്ടുവരുന്നുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി 40 ഗ്രാം പാൽക്കായം 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. ഇതിൽ 8 ഗ്രാം സോഡാപ്പൊടിയും 32 ഗ്രാം മഞ്ഞൾപ്പൊടിയും ചേർത്തുണ്ടാക്കിയ മിശ്രിതം കലക്കുക. ഈ ലായനി ഇലകളുടെ ഇരുവശത്തും എത്തുന്ന വിധം ഇടവേളകളിൽ തളിച്ചുകൊടുക്കുക. പച്ചചീരയിനങ്ങളുമായി ഇടകലർത്തി നടുക. നനയ്ക്കുമ്പോൾ വെള്ളം ഇലയ്ക്ക് മുകളിൽ വീഴാതെ ചുവട്ടിൽ ഒഴിച്ചുകൊടുക്കാൻ ശ്രദ്ധിക്കുക. മണ്ണിൽ ട്രൈക്കോഡെർമ ചേർത്തുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം